പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3141 — 10.05.2017 -ൽ മറുപടിക്ക്.

## എഫ്.സി.ഐ. യിൽ നിന്ന് ലഭിക്കുന്ന റേഷൻ സാധനങ്ങൾ

| ചോദ്യം<br>**ശ്രീ.മോൻസ് ജോസഫ്** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള മുഴുവൻ റേഷനും ഈ സർക്കാർ എഫ്.സി.ഐ.യിൽ നിന്നും എടുക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ 4 മാസത്തെ കണക്ക് വെളിപ്പെടുത്തുമോ; | (എ) | വിവിധ കാരണങ്ങളാൽ വിട്ടെടുപ്പിനുള്ള സമയപരിധിക്കുള്ളിൽ വിട്ടെടുക്കാൻ സാധിക്കാതെ പോയ വിഹിതമൊഴികെ അനുവദിക്കുന്ന മുഴുവൻ റേഷനും വിട്ടെടുക്കുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 2016 നവംബർ മുതൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങളിൽ, കോട്ടയം ജില്ലയിൽ ചിങ്ങവനം എഫ്.സി.ഐ ഡിപ്പോയിൽ തുടർച്ചയായുണ്ടായ വാഗൺ പ്ലേസ്മെന്റ് മുഖാന്തരം വിട്ടെടുക്കാൻ കഴിയാഞ്ഞ 1298.829095 (130 ലോഡ്) മെ.ടൺ ഭക്ഷ്യധാന്യങ്ങളൊഴികെ 2017 ഏപ്രിൽമാസക്വാട്ട വരെയുള്ള ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായി വിട്ടെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദിച്ചതും വിട്ടെടുത്തതുമായ ഭക്ഷ്യധാന്യങ്ങളുടെ കഴിഞ്ഞ 4 മാസത്തെ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) റേഷൻ സാധനങ്ങൾ എഫ്.സി.ഐ. യിൽ കെട്ടികിടക്കുന്നതായുള്ള വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇവ ഏറ്റെടുക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ വിട്ടെടുക്കുന്നതിന് സാദ്ധ്യമായതെല്ലാം ചെയ്തു വരുന്നു. |
| (സി) പാവപ്പെട്ടവർക്കുള്ള അരി വിതരണം ചെയ്യുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ? | (സി) | ഭക്ഷ്യ ഭദ്രത നിയമപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വില മുൻകൂർ എഫ്.സി.ഐ യിൽ ഒടുക്കി, മുൻഗണനാ വിഭാഗങ്ങൾക്കനുവദിച്ച ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് പ്രഥമ പരിഗണന നൽകി, സമയബന്ധിതമായി വിട്ടെടുപ്പ് പൂർത്തിയാക്കുന്നതിനാവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകുകയും എല്ലാ വിഭാഗങ്ങൾക്കും തന്മാസ വിഹിതം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ മുൻഗണനാ വിഭാഗങ്ങൾക്കനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(അളവ് - മെ.ടണ്ണിൽ)

| | അനുവദിച്ചത് | | | വിട്ടെടുത്തത് | | |
|---|---|---|---|---|---|---|
| മാസം | അരി | ഗോതമ്പ് | ആകെ | അരി | ഗോതമ്പ് | ആകെ |
| ജനുവരി 2017 | 102174.866 | 16579.217 | 118754.083 | 100891.5572 | 16563.6967 | 117455.2539 |
| ഫെബ്രുവരി 2017 | 102174.866 | 16579.217 | 118754.083 | 102174.866 | 16579.217 | 118754.083 |
| മാർച്ച് 2017 | 102174.866 | 16579.217 | 118754.083 | 102174.866 | 16579.217 | 118754.083 |
| ഏപ്രിൽ 2017 | 95715.792 | 23038.291 | 118754.083 | 95715.792 | 23038.291 | 118754.083 |
| ആകെ | 402240.39 | 72775.942 | 475016.332 | 400957.0812 | 72760.4217 | 473717.5029 |

സെക്ഷൻ ഓഫീസർ